LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

244 (3351) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെ കുറവുകാരണം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത് ; എത്ര ബസ്സുകളുടെ കുറവാണ് ഡിപ്പോയിലുള്ളത് ; വിശദമാക്കാമോ;

(ബി) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അനുവദനീയ തസ്തികകൾ എത്ര; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ബസ്സുകളുടെ കുറവ് കാരണം ഒരു ഷെഡ്യൂളും പൂർണ്ണമായി നിർത്തലാക്കിയിട്ടില്ല. 106 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് ആലപ്പുഴ യൂണിറ്റിന് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ പ്രതിദിനം ശരാശരി 81 ഷെഡ്യൂളുകൾ ആലപ്പുഴ നിന്നും നടത്തുന്നുണ്ട്. ബസ്സുകളുടെ കുറവ് കാരണം വരുമാനക്കുറവുള്ള ചില ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ നടത്തുവാൻ കഴിയാറില്ല.

നിലവിൽ സ്വയർ ബസ്സുകൾ ഉൾപ്പെടെ ഒരു ഫാസ്റ്റ് പാസഞ്ചർ ബസിന്റേയും 16 ഓർഡിനറി ബസ്സുകളുടേയും കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെ 263 അനുവദനീയമായ തസ്തികകളും, കണ്ടക്ടർമാരുടെ 233 അനുവദനീയമായ തസ്തികകളും നിലവിലുണ്ട്. നിലവിൽ 218 സ്ഥിരം കണ്ടക്ടർമാരും 261 സ്ഥിരം ഡ്രൈവർമാരും ഉണ്ട്. കണ്ടക്ടർമാരുടെ 15 ഒഴിവുകളും ഡ്രൈവർമാരുടെ 2 ഒഴിവുകളും ഉണ്ട്.

റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ

245 (3352) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും, നേമം നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്കുള്ള എത്ര ബസ്സ് സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും റദ്ദാക്കിയതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

ഒരു സർവ്വീസും സ്ഥിരമായി റദ്ദാക്കിയിട്ടില്ല. റദ്ദാക്കിയ സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

246 (3353) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ടുള്ള കൊട്ടാരക്കര നിയോജകമണ്ഡലം എം.എൽ.എ.യുടെ എത്ര കത്തുകൾ കെ.എസ്.ആർ.ടി.സി.യുടെ പരിഗണനയിൽ ഉണ്ട്;

(ബി) ഓരോ കത്തിലും സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 8 എണ്ണം.

(ബി) എല്ലാ കത്തുകളും പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്. ബഹു. എം.എൽ.എ. ആവശ്യപ്പെട്ട ഒരു റൂട്ടിന്റെ സാധ്യതാപഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും ബസ്സിന്റെ കുറവ് കാരണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതര കത്തുകളിൽ ആവശ്യപ്പെട്ടിട്ടുള്ളത് ബസ്സുകളുടെ കുറവ് കാരണം നിർത്തി വച്ചിട്ടുള്ള ഷെഡ്യൂളുകളുടെ ട്രിപ്പുകളാണ്. ഇവ പുനഃക്രമീകരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(സി) 5.45-നുള്ള കൊട്ടാരക്കര-ഇടക്കോട്, 7.00 മണിക്കുള്ള കൊട്ടാരക്കര-കൊട്ടിയം എന്നീ രണ്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇതര സർവ്വീസുകൾ പുനഃക്രമീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly